# സർക്കുലർ- നം: 18/Estt/2017

*"ഭരണഭാഷ - മാതൃഭാഷ"*

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഡിബി3 -5215/ 2013/സിഇ/തസ്വഭവ

തീയതി: 15.03.2017

## സർക്കുലർ

വിഷയം:- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഉള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനങ്ങൾ - സംബന്ധിച്ച്.

സൂചന:- 1) കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 15.03.2017 ലെ ഡി1/ജനറൽ/2016-17 നമ്പർ കത്ത്

2) Order No. E3-7000/09/CE/LSGD dtd. 13.03.2017

2016-17 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ വളരെ ദ്രുതഗതിയിൽ നടന്നുവരുന്നു. വടക്കൻ ജില്ലകളിൽ പല ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ധാരാളം ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുള്ള തസ്തികകളിലൊക്കെ നിലവിൽ അഡീഷണൽ ചാർജ് നൽകിയും, കരാടിസ്ഥാനത്തിലും അതത് ഗ്രാമപഞ്ചായത്ത് മുഖേന നിയമനം നടത്തിയും പദ്ധതി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. സൂചന (2) ഉത്തരവ് പ്രകാരം ഈ ഓഫീസിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുള്ള സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നൽകി ഉത്തരവായിട്ടുണ്ട്. ഈ ഘട്ടത്തിൽ ആഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പുതിയ നിയമനം നടത്തുമ്പോൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള ട്രഷറി ട്രാൻസാക്ഷൻ/ബിൽ തയ്യാറാക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലതാമസം നേരിടാൻ സാദ്ധ്യതയുണ്ടെന്ന് കാണുന്നു.

നിലവിൽ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ (അധിക ചുമതല) കൊണ്ട് തന്നെ മാർച്ച് 31 വരെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നതാണ് ഉചിതമെന്നും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിലവിൽ ചാർജ്ജുള്ള എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർമാരെ സഹായിക്കുന്നതിനും പ്രവർത്തന രീതി പഠിക്കുന്നതിനും ചുമതലപ്പെടുത്തുന്നതായിരിക്കും അഭികാമ്യമെന്നും വിവിധ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ

അറിയിച്ചിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ പുതുതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മാർച്ച് 31 ന് ശേഷം പൂർണ ചുമതല കൈമാറേണ്ടതും, അതുവരെ നിലവിൽ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് തന്നെ നിർവഹണ പ്രവർത്തനങ്ങൾ (അളവ് രേഖപ്പെടുത്തൽ, ബിൽ തയ്യാറാക്കൽ, ട്രഷറി ഇടപാടുകൾ) ചെയ്യാവുന്നതുമാണ്. പുതുതായി നിയമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് മുൻ പരിചയം ഉണ്ടെന്ന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കോ, മറ്റ് നിയന്ത്രണാധികാരികൾക്കോ ബോധ്യപ്പെട്ടാൽ പൂർണ ചുമതല നൽകാവുന്നതാണ്. ഈ വിഷയത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

അതുപോലെ നിലവിൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിലും, ദിവസവേതനാടിസ്ഥാനത്തിലും എഞ്ചിനീയർമാരുടെ സേവനം ഉപയോഗിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നതും ആയത് അവസാനഘട്ടത്തിലുമാണ്. ഉടനടി അവരുടെ സേവനം അവസാനിപ്പിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള അസിസ്റ്റന്റ് എഞ്ചിനീർമാരെ നിയമിക്കുന്നത് പദ്ധതിയുടെ നിർവ്വഹണത്തെ കാര്യമായി ബാധിക്കുന്നതാണ്. ആയതിനാൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന നിയമനം ലഭിച്ചിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരെ 2017 ഏപ്രിൽ 01 മുതൽ ജോലിയിൽ പ്രവേശിപ്പിക്കാവുന്നതും ആയതിന് എംപ്ലോയ്മെന്റ് നിയമനം സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതുമായിരിക്കും ഉചിതം. ഇക്കാര്യത്തിൽ ഉചിതമായ നിർദ്ദേശം ടി ഉദ്യോഗാർത്ഥികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോ നൽകേണ്ടതാണ്.

പദ്ധതി പ്രവർത്തനങ്ങൾക്ക് പുതിയ നിയമനം കൊണ്ട് യാതൊരു തടസവും ഉണ്ടാകാൻ പാടില്ല എന്ന് അറിയിക്കുന്നു.

ചീഫ് എൻജിനീയർ

R